**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം മാസ്റ്റർ പ്ലാനിലെ ഗ്രീൻ സ്ട്രിപ്പിൽ നിർമ്മാണാനുമതി നൽകുന്നതിന് ഡെപ്യൂട്ടി ടൗൺ പ്ലാനർ/അസിസ്റ്റന്റ് ടൗൺ പ്ലാനർമാർ എന്നിവരെ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ. (സാധാ) നം.1868/2012/തസ്വഭവ. തിരുവനന്തപുരം, തീയതി 05/07/2012.

---

പരാമർശം:- 1. 31/05/2007-ലെ സ.ഉ.(കൈ) നം.144/07/തസ്വഭവ നമ്പർ കത്ത്.
2. മുഖ്യ നഗരാസൂത്രകന്റെ 31/08/2007-ലെയും 02/02/2008-ലെയും C1/7406/07 നമ്പർ ഉത്തരവുകൾ.
3. സർക്കാരിന്റെ 06/02/2008-ലെ 8911/ആർഡി2/08/തസ്വഭവ നമ്പർ സർക്കുലർ.
4. സർക്കാരിന്റെ 10/01/2011-ലെ 64015/ ആർഡി2/10/തസ്വഭവ സർക്കുലർ
5. മുഖ്യനഗരാസൂത്രകന്റെ 01/06/2012-ലെ കത്ത്.

**<u>ഉത്തരവ്</u>**

മേൽ പരാമർശം 1 പ്രകാരം സർക്കാർ അംഗീകരിച്ച തിരുവനന്തപുരം മാസ്റ്റർ പ്ലാനിന്റെ പുതുക്കിയ സോണിംഗ് റെഗുലേഷൻ പ്രകാരം മാസ്റ്റർ പ്ലാനിൽ ഗ്രീൻ സ്ട്രിപ്പായി കാണിച്ചിരിക്കുന്ന പ്രദേശങ്ങളിൽ 300 ച.മീ വരെയുള്ള വാസ ഗൃഹങ്ങൾ നിയന്ത്രിത ഉപയോഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഗ്രീൻസ്ട്രിപ്പിൽപ്പെട്ട സ്ഥലത്ത് വാസഗൃഹ നിർമ്മാണങ്ങൾക്ക് അനുമതി നൽകുന്നതിലേയ്ക്ക് പരാമർശം (2) പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും ജില്ലാ ടൗൺ പ്ലാനറും കമ്മിറ്റിയിലെ ഒരു അംഗവും കൂടി സ്ഥലം നേരിട്ട് പരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ തീരുമാനം കൈക്കൊള്ളേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ കൺകറൻസിനായി ലഭിക്കുന്ന അപേക്ഷകളുടെ ബാഹുല്യം നിമിത്തം ആഴ്ചയിലെ പകുതി ദിവസങ്ങളിലും ജില്ലാടൗൺ പ്ലാനർ കൺകറൻസിനായുള്ള അപേക്ഷകളിന്മേലുള്ള സ്ഥല പരിശോധന നടത്തേണ്ടി വരുന്നതായും ഇത് അവരുടെ ദൈനംദിന ജോലികളെ സാരമായി ബാധിക്കുന്നതായും പരാമർശം 5 പ്രകാരം മുഖ്യനഗരാസൂത്രകൻ അറിയിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പുതുക്കിയ സോണിംഗ് റെഗുലേഷൻ അനുസരിച്ച്, തിരുവനന്തപുരം മാസ്റ്റർ പ്ലാനിൽ ഗ്രീൻസ്ട്രിപ്പായി കാണിച്ചിരിക്കുന്ന പ്രദേശങ്ങളിൽ 300 ച.മീറ്റർ വരെയുള്ള വാസഗൃഹനിർമ്മാണങ്ങൾക്ക് അനുമതി നൽകുന്നതിലേയ്ക്കു സ്ഥലപരിശോധന നടത്തി ഇതിനായി രൂപീകരിച്ച കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന്

ജില്ലാ ടൗൺപ്ലാനർ നിർദ്ദേശിക്കുന്ന ഡെപ്യൂട്ടി ടൗൺ പ്ലാനർമാർ/അസിസ്റ്റന്റ് ടൗൺ പ്ലാനർമാർ എന്നിവരെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. ചില പ്രത്യേക സാഹചര്യങ്ങളിൽ കമ്മിറ്റിയിലെ അംഗങ്ങൾക്ക് നേരിട്ട് പരിശോധന നടത്തി തീരുമാനം എടുക്കേണ്ടതാണ് എന്ന് തോന്നുന്ന പക്ഷം കമ്മിറ്റിയിലെ അംഗങ്ങൾ സ്ഥലം നേരിട്ട് പരിശോധിച്ച് തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്നും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**രാജേഷ് കുമാർ സിംഗ്**

**സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
സീനിയർ ടൗൺ പ്ലാനർ, വിജിലൻസ്
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടിവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം -69558
(തദ്ദേശസ്വയംഭരണ വകുപ്പിന്റെയും, മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്: പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എസ്സ്
തദ്ദേശസ്വയംഭരണ (ആർ.എ, ആർ.ബി, ആർ.സി) വകുപ്പുകൾക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ